PROCEEDINGS OF THE KERALA LEGISLATIVE ASSEMBLY

First Session — 1959

(Second Meeting)

Tuesday, the 5th May 1959.

The Assembly met in the Assembly Chamber, Trivandrum at Eight of the clock on Tuesday, the 5th May 1959, with Mr. Speaker in the Chair.

QUESTIONS AND ANSWERS.

(The number within brackets indicates the number in the list of admitted questions for the day.)

ORAL ANSWERS.

மைனரிட்டி கமிஷன்.

* 1323. [1] **ஸ்ரீ. என். கணபதி :** கீழ் காணும் விஷயத்துக்கு முதன் மந்திரி அவர்கள் தயவு பகர்வார்களாக :

(எ) எல்லோரையும் மைனரிட்டி பிரதிநிதிகளைக் கொண்ட ஒரு சிறுபான்மையோர் பாதுகாப்பு கமிட்டி (மைனரிட்டி கமிஷன்) அமைக்கப்படுமா ;

(பி) பல தடவைகளில் அசெம்பிளியில் முதன் மந்திரி சும்மதம் கூறியிருக்கிறார் அல்லவா ;

(ஸி) இதற்கு எஸ். ஆர். ஸி. ரிப்போர்ட்டிலும் வகையிருக்கிறதல்லவா ?

LIBRARY ARCHIVES Kerala Legislative Assembly

മുഖ്യമന്ത്രി (ശ്രീ. ഇ.എം.എസ്. നമ്പൂതിരിപ്പാട്) :

(എ) അങ്ങനെ ഒരു കമ്മീഷൻ നിയമിക്കുന്നതു് ഇപ്പോൾ ആവശ്യമാണെന്നു് ഗവണ്മെൻറിനു് ബോദ്ധ്യപ്പെട്ടിട്ടില്ല.

(ബി) ഇല്ല. പരിഗണനാർഹമായ ഒരു നിർദ്ദേശമാണെന്നു് അഭിപ്രായം വരുന്ന ഒരു മറുപടി പറയുകമാത്രമേ ചെയ്തിട്ടുള്ളൂ.

(സി) ഇല്ല.

ശ്രീ. എൻ. കണപതി : തേവികുളം ഉപതിരഞ്ഞെടുപ്പിനു മുമ്പിയ അനുരഞ്ജനക്കൂട്ടത്തിൽ കമ്മീഷൻ അനുവദിക്കാമെന്നു കൂടിനീർക്കൾ അല്ലെയാ ?

ശ്രീ. ഇ.എം.എസ്. നമ്പൂതിരിപ്പാട് : 'അനുവദിക്കാം' എന്നു് പറഞ്ഞിട്ടില്ല. 'അനുവദിക്കുന്നതിനെ' ആലോചിക്കാമെന്നു പറഞ്ഞിട്ടുള്ളൂ.

ശ്രീ. എൻ. കണപതി: അതിനു പിന്നിൽ അക്കാര്യം കാട്ടാമൽ ഇരുപ്പതിൻ മർമ്മം എന്നെ ?

ശ്രീ. ഇ.എം.എസ്. നമ്പൂതിരിപ്പാട്: ദക്ഷിണമേഖലാ കൗൺസിൽ ഒരു ഭാഷാപര ന്യൂനപക്ഷകമ്മിറ്റി രൂപീകരിച്ചിട്ടുണ്ടു്. കമ്മിറ്റി ഈ പ്രശ്നം ചർച്ച ചെയ്തുകൊണ്ടിരിക്കുകയാണു്. അതിനെസംബന്ധിച്ചു് മൈസൂർ ഗവണ്മെൻറിനേയും, മദ്രാസു് ഗവണ്മെൻറിനേയും, ആന്ധ്രാ ഗവണ്മെൻറിനേയും പ്രതിനിധികളുമായി ചർച്ച ചെയ്തുകൊണ്ടിരിക്കുകയാണു്. കമ്മിറ്റിയുടെ ഒരു യോഗം അടുത്തുതന്നെ കൂടുന്നുണ്ടു്. അതിൽ ഈ കാര്യത്തെപ്പറ്റി ആലോചിക്കുന്നതായിരിക്കും.

ശ്രീ. എൻ. കണപതി : എസ്. ആർ. സി. റിപ്പോർട്ടിൻപടി കൊർണർ കല്ലുമലയിൽ ഒരു കുടു അനുവദിക്കാമെന്നു് ഇരുക്കിറതാൽ അതു മാറ്റിരി ചെയ്യലാമാ ?

ശ്രീ. ഇ.എം.എസ്. നമ്പൂതിരിപ്പാട് : ബഹുമാനപ്പെട്ട മെമ്പർ എന്തോ തെറ്റിദ്ധരിച്ചു പറയുകയാണു്.

ശ്രീ. സി. എ. മാത്യു : മൈസൂർ-കേരള അതിർത്തി നിർണ്ണയിക്കുന്നതിനെ സംബന്ധിച്ചു്, മൈസൂരിലെ നേതാക്കന്മാരെ ക്ഷണിക്കുകയോ അവരുമായിട്ടു് ആലോചന നടത്തുകയോ ചെയ്തിട്ടുണ്ടോ ?

ശ്രീ. ഇ.എം.എസ്. നമ്പൂതിരിപ്പാട് : ഇതിനെ സംബന്ധിച്ചു് മുമ്പു് ഒരു അവസരത്തിൽ ഞാൻ ഈ സഭയിൽ പറഞ്ഞിട്ടുള്ളതാണു്. ഈ സ്റ്റേറിലെ രാഷ്ട്രീയകക്ഷികളുടെ നേതാക്കന്മാരുടെ സമ്മേളനം വിളിച്ചു കൂട്ടിയിരുന്നു. അതിൻറെ പൊതുവായ അഭിപ്രായഗതി അതിർത്തി മാറ്റുന്നതിനു് എതിരായിരുന്നു.

കർഷകത്തൊഴിലാളികളുടെ മിനിമംവേജു്.

*1324. [3] ശ്രീ. ആർ. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യത്തിനു് തൊഴിൽവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

പാലക്കാടു ജില്ലയിൽ കർഷകത്തൊഴിലാളികളുടെ മിനിമംവേജു് അസാധുവാക്കിക്കൊണ്ടുള്ള ഹൈക്കോടതി വിധിയിന്മേൽ സുപ്രീംകോർട്ടിൽ അപ്പീൽ ബോധിപ്പിക്കാൻ ഗവണ്മെൻറു് തീരുമാനിച്ചിട്ടുണ്ടോ ?

ഭരണപരവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. ടി. വി. തോമസ്) : ഉണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly